വിദ്യാർത്ഥി സമൂഹത്തിന് വിഷവിമുക്തമായ പച്ചക്കറി ഉത്പന്നം ലഭ്യമാക്കുക, പരിസര സംരക്ഷണത്തിന്റെ ബാലപാഠങ്ങൾ വിദ്യാർത്ഥികൾക്ക് ഹൃദ്യസ്ഥമാക്കുക, വിദ്യാർത്ഥികളുടെ ഒഴിവുവേള ഫലപ്രദമായി ഉപയോഗിക്കുക എന്നിങ്ങനെയുള്ള വിവിധ ലക്ഷ്യങ്ങളാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്.

(സി) വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ചാണ് കൃഷി വകുപ്പ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി നടപ്പിലാക്കേണ്ട സ്കൂളുകൾ അതാത് ജില്ലാതല വിദ്യാഭ്യാസ ഓഫീസർമാരാണ് തെരഞ്ഞെടുക്കുന്നത്. അങ്ങനെ തെരഞ്ഞെടുത്ത സ്കൂളുകളുടെ ലിസ്റ്റ് ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ വഴി കൃഷി ഡയറക്ടർക്ക് ലഭ്യമാക്കുന്നതാണ്.

(ഡി) 100% കേന്ദ്ര സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി നടപ്പിലാക്കുന്നതിനായി 15-3-2014-ലെ സ.ഉ.(സാധാ) നമ്പർ 530/2014/കൃഷി പ്രകാരം 5.55 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അഡീഷണൽ ഓതറൈസേഷൻ വഴി 5.1404175 കോടി രൂപ 13-11-2014-ലെ സ.ഉ.(MS) 258/2014/AD പ്രകാരം അനുവദിച്ചിട്ടുണ്ട്.

പദ്ധതി നിർവ്വഹണം

21 (*291) ശ്രീ. എം. ചന്ദ്രൻ :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം 2011-12-ലെ വാർഷിക പ്ലാനിൽ മാറ്റം വരുത്തിക്കൊണ്ട് പ്രഖ്യാപിച്ച മെഗാ പദ്ധതികൾ ഏതൊക്കെയാണ് ;

(ബി) ഇതിൽ ഏതൊക്കെ പൂർത്തീകരിക്കാൻ സാധിച്ചുവെന്നറിയിക്കാമോ ;

(സി) തുടർന്ന് വന്ന വാർഷിക പ്ലാനുകളിൽ ഉൾപ്പെടുത്തുകയും എന്നാൽ നാളിതുവരെ പണി ആരംഭിക്കാൻ കഴിയാത്തതുമായ പദ്ധതികൾ അനവധി ഉണ്ടെന്ന കാര്യം അറിയാമോ ; എങ്കിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്ന പരിപാടികൾ യഥാസമയം പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യം എന്താണെന്നറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്തെ സാമ്പത്തികനില പദ്ധതി നിർവ്വഹണത്തെ ബാധിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ) സംസ്ഥാനത്തിന്റെ വാർഷിക പദ്ധതിയിൽ പ്രധാന പശ്ചാത്തല സൗകര്യ വികസന പ്രോജക്ടുകൾ എന്ന ഹെഡിൽ പദ്ധതി വിഹിതം ഒരുമിച്ച് ഉൾപ്പെടുത്തുന്ന രീതി 2013-14 സാമ്പത്തിക വർഷം മുതലാണ് ആരംഭിച്ചിട്ടുള്ളത്. 2011-12 വർഷത്തെ വാർഷിക പ്ലാനിൽ മാറ്റം വരുത്തി കൊണ്ട് മെഗാ പദ്ധതികൾ പ്രഖ്യാപിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല

(സി) ഈ പദ്ധതികളിൽ 35-ാം നാഷണൽ ഗെയിംസ് പൂർത്തീകരിച്ചിട്ടുണ്ട്. ചില പദ്ധതികൾ വിവിധ കാരണങ്ങളാൽ ആരംഭിക്കാൻ സാധിച്ചിട്ടില്ല മറ്റു പദ്ധതികൾ നടപ്പാക്കലിന്റെ വിവിധ ഘട്ടങ്ങളിലാണ്.

(ഡി) മേജർ പദ്ധതികൾക്കുവേണ്ടി പ്രത്യേകം ഇക വകയിരുത്തിയിട്ടുള്ളതിനാൽ സംസ്ഥാനത്തിന്റെ സാമ്പത്തികനില പദ്ധതി നിർവ്വഹണത്തെ ബാധിച്ചിട്ടില്ല.

ഷീ ടോയ്‌ലെറ്റുകൾ

22 (*292) ശ്രീ. ബി. സത്യൻ :
ശ്രീ. എളമരം കരീം :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനിതാ വികസന കോർപ്പറേഷൻ നടപ്പാക്കുന്ന ഷീ ടോയ് ലെറ്റുകൾ പദ്ധതിയുടെ അവലോകനം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്ത് പല ഭാഗങ്ങളിലായി സ്ഥാപിച്ചിട്ടുള്ള ഷീ ടോയ്‌ലെറ്റുകളിൽ പലതും നോക്കുകുത്തിയാകുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(സി) നിലവിലുള്ളതിനുപുറമേ പുതുതായി ഷീ ടോയ്‌ലെറ്റുകൾ സ്ഥാപിക്കുന്നുണ്ടോയെന്നും ഇതിന്റെ അറ്റകുറ്റപണികൾ നടത്തുന്നത് ഏത് ഏജൻസിയാണെന്നും വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly